## 69. ഒരു സതിയുടെ കഥ

മരിച്ച ഭർത്താവിന്റെ ശരീരത്തോടൊപ്പം ചിതയിൽ ചെന്നിരുന്ന സ്വയം വെന്തെരിഞ്ഞുപോകുന്ന സ്ത്രീകളെ, വളരെ പഴയകാലംമുതൽ, ഇന്ത്യക്കാർ ആരാധിച്ചിരുന്നു. ജീവിതകാലത്തിൽ മുഴുവൻ വെറും സാധാരണക്കാരായിരുന്ന ഈ സ്ത്രീകളെ, ചിതാരോഹണത്തിനുശേഷം 'സതീമാതാ' എന്ന ബഹുമതിപ്പേരു് നൽകി, ഗ്രാമീണർ പൂജിച്ചുവന്നു. അവർ ചിതയേറി മരിച്ച സ്ഥലത്തു് അവരെ പ്രതിഷ്ഠിച്ച ആരാധനാലയങ്ങൾ ഉയർത്തപ്പെട്ടു. ഈ ആരാധനാലയങ്ങളിൽ ചെന്നു പ്രാർത്ഥിക്കുന്നവർക്കു് അഭീഷ്ടസിദ്ധി കൈവരുമെന്ന വിശ്വാസവും നിലനിന്നു.

സതീമാതാക്കളെപ്പററിയുള്ള ഐതിഹ്യങ്ങൾ കേട്ടും, അവർക്കു ഗ്രാമീണർ നൽകിവരുന്ന ആദരം കണ്ടും വളർന്ന സാധുസ്ത്രീകളിൽപ്പലരും ഭർത്താവിന്റെ മൃതദേഹത്തോടൊപ്പം ചിതയേറി മരിക്കുന്നതു തികച്ചും സ്വാഭാവികമായ ഒരു ജീവിതാന്ത്യമായി കരുതിപ്പോന്നിരിക്കണം. അതിനാൽ, പലപ്പോഴും ഗ്രാമീണസ്ത്രീകളെ ഉടന്തടി ചാടുന്നതിൽനിന്നു തടഞ്ഞുനിർത്തുക പ്രയാസമായിരുന്നു. അതേ സമയം ഭർത്താവിനോടൊപ്പം മരിക്കാൻ മനസ്സില്ലാത്ത സ്ത്രീകളെ, കുടുംബത്തിന്റെ അന്തസ്സിന്റെ പേരിൽ നിർബന്ധിച്ച ചിതയേററുന്നതും അസാധാരണമായിരുന്നില്ല. ഇത്തരത്തിൽ, ബലാൽക്കാരമായി ഭർത്താവിന്റെ ചിതയിലേക്കു് എറിയപ്പെട്ട ഒരു കുലീനബ്രാഹ്മണവിധവയെ രക്ഷപ്പെടുത്തി വിവാഹംചെയ്ത ആളാണു കല്ക്കത്താനഗരത്തിന്റെ സ്ഥാപകൻ ആയിത്തീർന്ന ചാർണക് എന്ന ഇംഗ്ലീഷുകാരൻ. പിൽക്കാലത്തു്, രാജാറാം മോഹൻറോയിയും മററും നിരന്തരമായി നടത്തിയ പ്രക്ഷോഭണങ്ങളുടെ ഫലമായി, ഇന്ത്യയിലെ ബ്രിട്ടീഷ് സർക്കാർ വിധവകളുടെ ഉടന്തടിയേറൽ നിരോധിച്ചു. എങ്കിലും, ഇപ്പോഴും ഇടയ്ക്കിടെ ഈ നാട്ടിലെ വിദൂര ഗ്രാമങ്ങളിൽനിന്നു് ഉടന്തടിയേററത്തിന്റെ കഥകൾ പത്രങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ടു്. 'സതീമാതാ'ക്കളോടു് ഇന്ത്യൻ ഗ്രാമീണർക്കുള്ള പൂജാമനോഭാവത്തിനു് ഇക്കാലത്തും യാതൊരു കുറവുമില്ല.

ഭർത്താവിന്റെ ചിതയിൽ വെന്തുവെണ്ണീറാവാനുള്ള ശ്രമത്തിൽനിന്നു ബലം പ്രയോഗിച്ചു പിന്തിരിക്കപ്പെട്ട ഒരു ഗ്രാമീണസ്ത്രീയായിരുന്നു ഇക്കഴിഞ്ഞ (1986) നവംബർ 15-ാം തീയതി അന്തരിച്ച രൂപകുവർ (രൂപകുമാരി). രാജസ്ഥാനിൽ, ജോധ്പുർ നഗരത്തിനടുത്തു് ലൂനി എന്ന നദിയുടെ തീരത്തിൽ ബിലാഡാ പോലീസ് സ്റ്റേഷന്റെ അതിർത്തിയിൽപ്പെട്ട 'ബാലാ' എന്ന ഗ്രാമത്തിൽപ്പിറന്ന ഒരു ഗ്രാമീണനായിരുന്നു രൂപകുവറിന്റെ ഭർത്താവു്. 1942-ൽ ഇയാൾ മരിച്ചപ്പോൾ, രൂപകുവർ അയാളുടെ ചിതയിൽ സ്വയം ഹോമിക്കാൻ ഒരുങ്ങി. പക്ഷേ, സതീവ്രതാനുഷ്ഠാനം രാജ്യത്തിലെ നിയമത്തിനു് എതിരാണെന്നു മനസ്സിലാക്കിയിരുന്ന അയൽക്കാർ ഈ സ്ത്രീയെ ആ പ്രയത്നത്തിൽനിന്നു തടഞ്ഞു.

ഈ സംഭവം രൂപകുവറിന്റെ ജീവിതത്തിൽ ഒരു മൗലിക പരിവർത്തനം ഉളവാക്കി. അന്നു നാല്പത്തൊന്നു വയസ്സായിരുന്ന ഈ ഗ്രാമീണസ്ത്രീ വീടുവിട്ടു്, ലൂനി നദിയുടെ കരയിൽ ഒരു പർണ്ണശാല നിർമിച്ചു് അതിൽ പാർപ്പുതുടങ്ങി. ഈ പർണശാലയിൽ രൂപകുവർ ഹനുമാന്റെ ഒരു വിഗ്രഹം പ്രതിഷ്ഠിച്ചു് ആരാധിക്കാൻ തുടങ്ങി. എല്ലാ ദിവസവും വൈകുന്നേരം ആ വിഗ്രഹത്തിന്റെ മുമ്പിലിരുന്നു് അവർ രാമായണത്തിലെ സുന്ദര

കാണ്ഡം വായിക്കുക പതിവാക്കി. മററു സമയമത്രയും അവർ രാമനാമ ജപത്തിൽ കഴിച്ചുകൂട്ടി. അതോടെ അവർ ഭക്ഷണവും ജലപാനവും ഉപേക്ഷിച്ചു എന്നും, പിന്നീടു മരിക്കുംവരെ എന്തെങ്കിലും ഭക്ഷിക്കുകയോ വെള്ളം കുടിക്കുകയോചെയ്യിട്ടില്ലെന്നും പറയപ്പെടുന്നു. ഏതായാലും, ഗ്രാമീണർ വിശ്വസിച്ചിരുന്നതു് അങ്ങനെയാണു്: ജീവിച്ചിരിക്കെത്തന്നെ രൂപകുവറിനെ ഗ്രാമീണർ 'സതീമാതാ' എന്നു വിളിച്ചു് ആരാധിക്കാൻ തുടങ്ങി.

രൂപകുവറിൻെറ പ്രശസ്തി, സ്വാഭാവികമായും, അയൽഗ്രാമങ്ങളിൽ പരന്നു. ഭക്ഷണം കഴിക്കുകയോ, വെള്ളം കുടിക്കുകയോ ചെയ്യാത്ത അത്ഭുത തപസ്വിനിയെ കാണാൻ സന്ദർശകർ കൂട്ടംകൂട്ടമായി ബാലാ ഗ്രാമത്തിലെ പർണശാലയിലേക്കു പ്രവഹിച്ചു തുടങ്ങി. പെരുകിവരുന്ന സന്ദർശകർക്കുവേണ്ടി ജോധ്പുരിൽനിന്നു ബാലാഗ്രാമത്തിലേക്കു പ്രത്യേക ബസ് സർവീസ് ഏർപ്പെടുത്തപ്പെട്ടു. ഈ അത്ഭുത സ്ത്രീയെ കാണാൻവേണ്ടി ജർമ്മനിയിൽനിന്നും അമേരിക്കയിൽനിന്നുംകൂടി ചിലർ വരുകയുണ്ടായത്രേ.

താൻ ഒരു സാധാരണ സ്ത്രീ മാത്രമാണെന്ന വിചാരം രൂപകുവർ വെടിഞ്ഞില്ല. അവർ ദിവസേന വെളുപ്പിനു മൂന്നുമണിക്കു് എഴുന്നേററു നദിയിൽ കുളിക്കും; പിന്നീടു് പർണശാലയും പരിസരവും അടിച്ചുവാരും. ഏതാനും പശുക്കളെ അവർ വളർത്തിവന്നു. അവയെ പോററുന്നതു് അവരുടെ മുഖ്യ ജോലിയായിരുന്നു. തന്നെ കാണാൻ വരുന്ന ഭക്തരോടു് അവർ പറയുമായിരുന്നു: 'ഇവിടെ എന്തിരിക്കുന്നു? ഞാൻ രാമനാമം ജപിക്കുകയേ ചെയ്യുന്നുള്ളു. നിങ്ങളുടെ വീട്ടിൽ പോയി രാമനാമം ജപിക്കൂ.' ഇങ്ങനെ പറയുമെങ്കിലും, തന്നെ കാണാൻ വരുന്നവരെ സ്വന്തം കൈകൊണ്ടു പാകം ചെയ്ത ഭക്ഷണം നൽകി സൽക്കരിച്ചല്ലാതെ അവർ തിരികെ അയയ്ക്കാറില്ല.

നാലുവർഷം മുമ്പു് രൂപകുവർ വാർധക്യബാധിതയാകാൻ തുടങ്ങി. അവരുടെ ആരോഗ്യം തകർന്നു. അവർ രോഗം ബാധിച്ചു കിടപ്പിലായി. തൻെറ ഇഹലോകജീവിതം അവസാനിക്കുകയാണെന്നു് രൂപകുവർ സന്ദർശകരോടു പറഞ്ഞു. നിർബന്ധിച്ചു തനിക്കു ഭക്ഷണമോ, വെള്ളമോ തരരുതു് എന്നു ശുശ്രൂഷകരോടു് അവർ അഭ്യർഥിച്ചു.

മരിക്കുമ്പോൾ രൂപകുവറിനു് എൺപത്തഞ്ചു വയസ്സായിരുന്നു. അനേകായിരം ഭക്തരുടെ സാന്നിദ്ധ്യത്തിൽ അവരുടെ ശരീരം, അവസാനം, ചിതയിലേററപ്പെട്ടു. ഈ തപസ്വിനിയുടെ ദേഹവിയോഗത്തിൽ ഖേദം പ്രകടിപ്പിച്ചവരിൽ രാജസ്ഥാനിലെ മുൻമന്ത്രി രാമസിംഹവിഷ്ണോയി, ജൈനമുനി രൂപചന്ദ് മുതലായവർ ഉൾപ്പെടുന്നു.

നാല്പത്തിനാലു വർഷമായി രൂപകുവർ ഭക്ഷണം കഴിക്കുകയോ, വെള്ളം കുടിക്കുകയോചെയ്യിരുന്നില്ല എന്നാണു് ജനവിശ്വാസമെന്നു പറഞ്ഞുവല്ലോ. ഭർത്താവിനോടൊപ്പം ചിതയിൽ എരിഞ്ഞില്ലെങ്കിലും രൂപകുവർ ജീവിച്ചിരിക്കെത്തന്നെ 'സതീമാതാവു്' ആയിക്കഴിഞ്ഞിരുന്നു. ആ നിലയിൽ ഗ്രാമീണർ ഈ സ്ത്രീയെ ഇനിയും വളരെക്കാലം ആരാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

ഭക്ഷണമോ ജലപാനമോ കൂടാതെയാണു് രൂപകുവർ നാല്പത്തിനാലു വർഷം ജീവിച്ചതെങ്കിൽ, അതൊരു അത്ഭുതമാണു്. അതുപോലെ തന്നെ അത്ഭുതമല്ലേ ഈ സാധുഗ്രാമീണസ്ത്രീയുടെ ചുററും ഒരു ഐതിഹ്യം നമ്മുടെ കൺമുന്നിൽ, ഇരുപതാംനൂററാണ്ടിൻെറ ഉത്തരാർധത്തിൽ വളർന്നു പന്തലിച്ചതു്?

(15 ഫെബ്രുവരി, 1987)